**യോഹന്നാന്റെ ജീവ-പഠനം**

**ദൂത് മുപ്പത്തിയഞ്ച്**

**ത്രിയേകദൈവത്തിന്റെ ജൈവരുപം ദിവ്യപ്പകർച്ചയിൽ (3)**

**തിരുവെഴുത്ത് വായന: യോഹന്നാൻ 15:1—16:4**

**II. യേശു ക്രൂശിക്കപ്പെട്ടും ക്രിസ്തു പുനരുത്ഥാനം ചെയ്തും മനുഷ്യനെ ദൈവത്തിലേക്കു കൊണ്ടുവരുവാനുള്ള വഴി ഒരുക്കുവാൻ പോകുകയും, ദൈവത്തിന്റെ വാസസ്ഥലത്തിന്റെ കെട്ടുപണിക്കായി വിശ്വാസികളിൽ വസിക്കുവാനും ജീവിക്കുവാനും ആത്മാവായി വരുകയും ചെയ്യുന്നു—14:1—21:25**

A. ജീവന്റെ ഉൾനിവാസം—ദൈവത്തിന്റെ വാസസ്ഥലത്തിന്റെ കെട്ടുപണിക്കായി—14:1—16:33

2. ദിവ്യ പകർച്ചയിൽ ത്രിയേക ദൈവത്തിന്റെ ജൈവരൂപം—15:1—16:4

a. ദിവ്യജീവന്റെ സമ്പത്ത് ആവിഷ്കരിക്കുവാൻ മുന്തിരിവള്ളിയും ശാഖകളും പിതാവിനെ മഹത്വപ്പെടുത്തുന്ന ജൈവരൂപം ആകുന്നു—15:1-11

b. ഫലം കായ്ക്കുന്നതിൽ ദിവ്യജീവനെ ആവിഷ്കരിക്കുവാൻ ശാഖകൾ അന്യോന്യം സ്നേഹിക്കുന്നു—15:12-17

c. മുന്തിരിവള്ളിയും ശാഖകളും, ലോകത്തിൽ നിന്ന് വേർപെട്ട്, മതപരമായ ലോകത്താൽ വെറുക്കപ്പെടുകയും ഉപദ്രവമേൽക്കുകയും ചെയ്യുന്നു—15:18—16:4

15:1—16:4~omitted

**തിങ്കൾ:**

**II. ഫലാംകായിക്കുന്നതിൽ ദിവ്യജീവൻ ആവിഷ്കരിക്കുവാൻ ശാഖകൾ പരസ്പരം സ്നേഹിക്കുന്നു**

1. ഫലം കായ്ക്കുന്നതിൽ ദിവ്യജീവനെ ആവിഷ്കരിക്കുവാൻ ശാഖകൾ അന്യോന്യം സ്നേഹിക്കുന്നു എന്ന് 15:12-17 ഭാഗം കാണിക്കുന്നു
2. ഫലംകായിക്കുന്നത്, നാം പരസ്പരം ദിവ്യജീവനിലും ദിവ്യജീവനാലും സ്നേഹിക്കുന്നതുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു

**A. ശാഖകൾ ഒന്നാണ്**

**B. ശാഖകൾ മുന്തിരിവള്ളിയുമായി ഉറ്റ ബന്ധത്തിൽ ആണ്**

1. ശാഖകൾ കർത്താവിന്റെ ദാസന്മാരല്ല; അവ അവന്റെ സ്നേഹിതന്മാർ ആണ്.

**C. ശാഖകൾ, നിലനിൽക്കുന്ന ഫലം കായിക്കേണ്ടതിന് തിരഞ്ഞെടുക്കപ്പെട്ടും നിയമിക്കപ്പെട്ടും ഇരിക്കുന്നു**

**ചൊവ്വ:**

1. പുത്രന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതിലൂടെ

a. വാക്യം 16-ൽ ആക്കിവച്ചിരിക്കുന്നു എന്നതിനു പകരം ആധികാരിക ഭാഷ്യത്തിൽ നിയോഗിച്ചിരിക്കുന്നു അതായത് നിയമിക്കപ്പെട്ടിരിക്കുന്നു

b. ഫലത്തെ സൂചിപ്പിക്കുന്ന നാല് രീതികൾ ഈ അദ്ധ്യായത്തിലുണ്ട്: ഫലം കായ്ക്കുന്ന (വാ.2), അധികം ഫലം (വാ.8), അധികം ഫലം (വാ.2), ഫലം, നിലനിൽക്കേണ്ടതിനും (വാ.16). എത്രകാലം ഫലം നിലനിൽക്കുന്നു

എന്നത് എത്രമാത്രം ജീവൻ നാം അതിലേക്ക് പകരുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു

c. പുത്രന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതിലൂടെ നിലനിൽക്കുന്ന ഫലം കായിക്കുന്നതിനാണ് ശാഖകൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

d. കർത്താവിന്റെ നാമത്തിൽ ചോദിക്കുന്നതിന് നാം കർത്താവിൽ വസിക്കുകയും അവനെയും അവന്റെ വചനങ്ങളെയും നമ്മിൽ വസിക്കുവാൻ അനുവദിക്കുകയും ചെയ്ത്, നാം അവനുമായി വാസ്തവത്തിൽ ഒന്നായിരിക്കേണ്ടത് ആവശ്യമാണ്.

2. പുത്രനുമായി ഒന്നായിരുന്നും അവനാൽ ജീവിച്ചും അവരിൽ ജീവിക്കുവാൻ അവനെ അനുവദിച്ചുംകൊണ്ട്

**D. ശാഖകൾ പരസ്പരം സ്നേഹിക്കുന്നു**

1. പുത്രന്റെ ജീവനിലും പുത്രന്റെ സ്നേഹത്തിലും പിതാവിന്റെ തേജസ്കരണത്തിനുവേണ്ടി ഫലംകായിക്കലിനായുള്ള പുത്രന്റെ നിയോഗത്തിലും ശാഖകൾ പരസ്പരം സ്നേഹിക്കേണ്ടത് ആവശ്യമാണ്.
2. നാം ദിവ്യജീവനിലും, ദിവ്യസ്നേഹത്തോടെയും പിതാവ് മഹത്വപ്പെടത്തക്കവണ്ണം വളരെ ഫലം കായിക്കുന്നതിനുവേണ്ടിയും പരസ്പരം സ്നേഹിക്കണം

**III. മുന്തിരിവള്ളിയും ശാഖകളും ലോകത്തിൽനിന്നു വേർപെട്ടും മതപരമായ ലോകത്താൽ വെറുക്കപ്പെട്ടും പീഡിപ്പിക്കപ്പെട്ടും ഇരിക്കുന്നു**

- യോഹന്നാൻ 15-ാം അദ്ധ്യായത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. 1 മുതൽ 11 വരെയുള്ള വാക്യങ്ങൾ ഉൾപ്പെടുന്ന ഒന്നാം ഭാഗം മുന്തിരിച്ചെടിയും ശാഖകളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും, 12 മുതൽ 17 വരെയുള്ള വാക്യങ്ങൾ ഉൾപ്പെടുന്ന രണ്ടാമത്തേത് ശാഖകൾ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും 18 മുതൽ 27 വരെയുള്ള മൂന്നാമത്തേത് ശാഖകളും ലോകവും തമ്മിലുള്ള വേർപാടിനെ സംബന്ധിച്ചും ഉള്ളതാണ്

**A. ഇവിടെ ലോകം പ്രധാനമായും മതപരമായ ലോകമാണ്, പ്രത്യേകിച്ച് യഹൂദ മതം-15:18, 16:2**

**ബുധൻ:**

**B. സാത്താന്റെ ലൗകിക വ്യവസ്ഥയുടെ ഒരു ഭാഗമായ മതം ത്രിയേകദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടിയുള്ള ദിവ്യജൈവരൂപത്തിന്റെ ശാഖകളെ വെറുക്കുന്നു-15:18**

1. മതാനുസാരികൾ പേരിൽ ദൈവത്തെയാണ് സേവിച്ചിരുന്നതെങ്കിലും, വാസ്തവമായി അവർ സേവിച്ചത് സാത്താനെയായിരുന്നു. അതുകൊണ്ട്, മതം എന്ന് വിളിക്കപ്പെട്ടിരുന്നത് വാസ്തവത്തിൽ ലോകം എന്ന സാത്താന്യ വ്യവസ്ഥയുടെ ഒരു വകുപ്പാണ്.
2. നാം ലോകത്തിൽനിന്ന് വേർപെട്ടിരിക്കണം
3. സാത്താന്റെ വ്യവസ്ഥ എപ്പോഴും ത്രിയേകദൈവത്തിന്റെ ജൈവരുപത്തെ എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു.

**C. ശാഖകൾ തിരഞ്ഞെടുക്കപ്പെട്ടവയും ലോകത്തിന്റേത് അല്ലാത്തവയും മതത്തിന്റെ സാത്താന്യവ്യവസ്ഥയോട് ബന്ധമില്ലാത്തവയും ആണ്**

1. ഏതെങ്കിലും മതത്തിന്റെ വ്യവസ്ഥയിൽനിന്ന് വേർപെട്ട് നിൽക്കുവാനും യാതൊരു കലർപ്പും ഇല്ലാതെ ശുദ്ധമായ മാർഗ്ഗത്തിൽ സഭയോടൊത്ത് നിൽക്കുവാനും നാം ആഗ്രഹിക്കണം

**D. മുന്തിരിവള്ളിയെ പീഡിപ്പിച്ചിട്ട്, ശാഖകളെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന മതപരമായ ലോകം-20-25**

1. ത്രിയേകദൈവത്തെ നമ്മുടെ ജീവനായി അനുഭവിക്കുവാനും ത്രിയേകദൈവത്തോട് ഇഴുകിച്ചേരുവാനും ത്രിയേകദൈവത്തോടൊപ്പം പരസ്പരം വസിക്കുവാനും ഇഷ്ടപ്പെടുന്നുവെങ്കിൽ, മതത്തിൽനിന്ന് പീഡനം സഹിക്കുവാൻ നാം ഒരുങ്ങിയിരിക്കണം.

**E. കാര്യസ്ഥൻ സാക്ഷ്യപ്പെടുത്തുന്നു-26**

1. യാഥാർത്ഥ്യത്തിന്റെ ആത്മാവായി
   a. പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളുടെയും യാഥാർത്ഥ്യമാണ്. നാം യാഥാർത്ഥ്യത്തിന്റെ ആത്മാവിന്റെ സാക്ഷികൾ ആകണം
2. പുത്രനാൽ അയക്കപ്പെട്ടു
   a. 14:26-ൽ പിതാവ് ആത്മാവിനെ അയയ്ക്കുമെന്ന് അവൻ പറയുന്നു; ഇപ്പോൾ 15:26-ൽ കർത്താവുതന്നെ ആത്മാവിനെ അയയ്ക്കുമെന്ന് അവൻ പറയുന്നു.
   b. അപ്പോൾ ആരാണ് ആത്മാവിനെ അയച്ചത് - പിതാവോ, പുത്രനോ? പിതാവും പുത്രനും എന്ന് നാം പറയേണ്ടിയിരിക്കുന്നു. പിതാവും പുത്രനും ഒന്നാണ്. പിതാവിന്റെ അയയ്ക്കൽ പുത്രന്റെ അയയ്ക്കലും, പുത്രന്റെ അയയ്ക്കൽ പിതാവിന്റെ അയയ്ക്കലുമാണ്.

**വ്യാഴം:**

3. പിതാവിൽനിന്നു മാത്രമല്ല പിതാവിനോടൊപ്പം
   a. കാര്യസ്ഥനെ പിതാവിൽനിന്ന് താൻ അയയ്ക്കുമെന്ന് പറഞ്ഞതിൽ, "നിന്ന്" എന്ന് തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ (ഗ്രീക്ക് ഉപസർഗ്ഗം പരാ എന്നതാണ്. അതിനർത്ഥം നിന്ന്-കൂടെ എന്നാണ്.
   b. യാഥാർത്ഥ്യത്തിന്റെ ആത്മാവ് പുത്രനാൽ അയക്കപ്പെടുന്നത്, പിതാവിൽനിന്നു മാത്രമല്ല പിതാവിനോടുകൂടെയുമാണ്. കാര്യസ്ഥൻ പിതാവിൽനിന്നും പിതാവിനോടു കൂടെയും വരുന്നു.
   c. പിതാവാണ് ഉറവിടം. ഉറവിടത്തിൽനിന്ന് ആത്മാവ് വരുമ്പോൾ, അവൻ ഉറവിടത്തെ വിട്ടുപോരുന്നു എന്നല്ല, ഉറവിടം അവനോടു കൂടെ വരുന്നു എന്നാണർത്ഥം.
4. സാക്ഷ്യപ്പെടുത്തുന്നു
   a. ശാഖകളായ വിശ്വാസികളിലൂടെ ഈ സാക്ഷ്യം ലോകത്തിലുടനീളം ഇന്നും പ്രചരിച്ചുക്കൊണ്ടിരിക്കുന്നു

**F. മതത്തിന്റെ പീഡനം മുന്നമേ അറിയിക്കുന്നു**

a. ദൈവത്തിന്റെ ജൈവരുപത്തിന്റെ ശാഖകളെ കൊല്ലുന്നതിലൂടെ ദൈവത്തിന് വഴിപാട് കഴിക്കുകയാണെന്ന് മതം കരുതുന്നു.
b. സാത്താന്യമായ, സംഘടിത വ്യവസ്ഥ എന്ന നിലയിൽ, ലോകം ക്രിസ്തുവിന്റെ ശരീരത്തെ മൂന്നു പ്രധാന ഘട്ടങ്ങളിൽ പീഡിപ്പിച്ചു; യെഹൂദമതത്തിന്റെ ഘട്ടം, റോമാ സാമ്രാജ്യത്തിന്റെ ഘട്ടം, ഗ്രീക്ക് തത്ത്വശാസ്ത്രത്തിന്റെ ഘട്ടം.

**വെള്ളി:**

**ചോദ്യങ്ങൾ:**

1. ഫലം കായ്ക്കുന്നതിൽ ദിവ്യജീവനെ ആവിഷ്കരിക്കുവാൻ ശാഖകൾ എന്ത് ചെയ്യണം എന്നുള്ളത് വിവരിക്കുക

2. ശാഖകൾ, നിലനിൽക്കുന്ന ഫലം കായിക്കേണ്ടതിന് തിരഞ്ഞെടുക്കപ്പെട്ടും നിയമിക്കപ്പെട്ടും ഇരിക്കുന്നത് എപ്രകാരമാണ് എന്ന് വിശദമാക്കുക
3. യോഹന്നാൻ 15-ാം അദ്ധ്യായത്തിലെ മൂന്ന് ഭാഗങ്ങൾ വിശദമാക്കുക
4. കാര്യസ്ഥൻ വരുന്നതിനെ കുറിച്ച് യോഹന്നാൻ 14:26 ലും 15:26 ലും പറഞ്ഞിരിക്കുന്നത് വിവരിക്കുക. അതിനോടൊപ്പം പിതാവിൽനിന്നു എന്നതിന്റെ അർഥം വിശദമാക്കുക
5. ലോകം ക്രിസ്തുവിന്റെ ശരീരത്തെ പീഡിപ്പിച്ച മൂന്നു പ്രധാന ഘട്ടങ്ങൾ ഏതൊക്കെ